## പതിമൂന്നാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5049

06-02-2014 ൽ മറുപടിയ്ക്ക്

### സ്പിരിറ്റ്, മയക്കുമരുന്ന് ലോബികളുമായി ബന്ധമുള്ള എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി.എം. തോമസ് ഐസക് : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് വകുപ്പിൽ സ്പിരിറ്റ്, മയക്കുമരുന്ന് ലോബികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ ഉള്ളതായി കരുതുന്നുണ്ടോ ; | എ) എക്സൈസ് വകുപ്പിൽ ചില ഉദ്യോഗസ്ഥർ സ്പിരിറ്റ്, മയക്ക്മരുന്ന് ലോബികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| ബി) ഇത്തരക്കാരെ വകുപ്പിൽ നിന്ന് ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | ബി) ഇത്തരക്കാർക്കെതിരെ വകുപ്പ്തല അച്ചടക്ക നടപടികൾ സ്വീകരിച്ച് വകുപ്പിൽ നിന്ന് ഒഴിവാക്കേണ്ടത് ആവശ്യമാണെന്ന് കാണുന്ന പക്ഷം അപ്രകാരം ചെയ്യുന്നതാണ്. |
| സി) മദ്യലോബിക്ക് വഴിവിട്ട സഹായങ്ങൾ ചെയ്തതിന്റെ പേരിൽ എക്സൈസ് വകുപ്പിൽ നിന്നും മാറ്റി നിർത്തപ്പെട്ടവർ ആരൊക്കെയാണ് ; | സി) മദ്യലോബിക്ക് വഴിവിട്ട സഹായങ്ങൾ ചെയ്തതിന്റെ പേരിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രിവന്റീവ് ഓഫീസർമാരായ ഐ.പി.കെ.രാജൻ, മുഹമ്മദ് മുസ്തഫ, സിവിൽ എക്സൈസ് ഓഫീസർമാരായ എ.ഹംസ, ശ്രീകുമാർ വാക്കട, ഷിബുകുമാർ എന്നീ ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും മാറ്റി നിർത്തിയിട്ടുണ്ട്. |
| ഡി) എക്സൈസ് വകുപ്പിൽ നിന്ന് സസ്പെന്റ് ചെയ്യപ്പെട്ട എത്രപേരെ ഈ സർക്കാർ, സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട് ? | ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എക്സൈസ് വകുപ്പിൽ നിന്ന് വിവിധ അച്ചടക്ക നടപടികളുടെ ഭാഗമായി സസ്പെന്റ് ചെയ്യപ്പെട്ട 113 ഉദ്യോഗസ്ഥരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ